**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2631** **06-10-2025 - ൽ മറുപടിയ്ക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ വ്യവസായ എസ്റ്റേറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കൊയിലാണ്ടി മണ്ഡലത്തിലെ മൂടാടി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന, വ്യവസായ വകുപ്പിന് കീഴിലുള്ള സിഡ്കോ നിയന്ത്രണത്തിലുള്ള വ്യവസായ എസ്റ്റേറ്റിൽ, വിവിധ സ്ഥാപനങ്ങൾക്കായി നൽകിയ സ്ഥലത്ത് ഇതുവരെ യാതൊരു വ്യവസായവും ആരംഭിച്ചിട്ടില്ലാത്തവരിൽ നിന്നും പ്രസ്തുത സ്ഥലം തിരിച്ചെടുത്ത് മറ്റ് സ്ഥാപനങ്ങൾക്ക് നൽകുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) | നിലവിൽ പരിഗണനയിലില്ല.<br>സിഡ്കോയുടെ നിയന്ത്രണത്തിലുള്ള മൂടാടി വ്യവസായ പാർക്കിൽ 18 വ്യവസായ യൂണിറ്റുകൾ ഉള്ളതിൽ 3 എണ്ണം നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കാത്ത യൂണിറ്റുകൾക്ക് നോട്ടീസുകൾ നൽകി അവ തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. മൂടാടി വ്യവസായ പാർക്കിലെ കടുത്ത വൈദ്യുതി പ്രതിസന്ധിയാണ് യൂണിറ്റുകൾ പ്രവർത്തിപ്പിക്കുവാൻ കഴിയാത്തതിനു കാരണമായി ഈ യൂണിറ്റുടമകൾ ബോധിപ്പിച്ചിട്ടുള്ളത്. വൈദ്യുതി പ്രതിസന്ധിയ്ക്ക് പരിഹാരമെന്ന നിലയിൽ സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 15 സെന്റ് ഭൂമി കെ.എസ്.ഇ.ബി-യ്ക്ക് സൗജന്യമായി അനുവദിക്കുന്നതിന് സിഡ്കോ എൻ.ഒ.സി നൽകിയിട്ടുണ്ട്. തുടർ നടപടികൾ കെ.എസ്.ഇ.ബി സ്വീകരിച്ചു വരുന്നു. സബ് സ്റ്റേഷൻ സ്ഥാപിക്കുന്ന മുറയ്ക്ക് മൂടാടി വ്യവസായ പാർക്കിലെ വൈദ്യുതി പ്രതിസന്ധിയ്ക്ക് പരിഹാരമാകുമെന്നും യൂണിറ്റുകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാകുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ